# Visit of H.E. Mr. Alexander Schallenberg, Federal Minister for European and International Affairs, Republic of Austria to India (March 19-21, 2022)

March 21, 2022

---

## റിപ്പബ്ലിക് ഓഫ് ഓസ്ട്രിയയുടെ യൂറോപ്യൻ, അന്താരാഷ്ട്ര കാര്യ ഫെഡറൽ മന്ത്രി അലക്സാണ്ടർ ഷാലെൻബെർഗിന്റെ ഇന്ത്യൻ സന്ദർശനം (മാർച്ച് 19-21, 2022)

2022 മാർച്ച് 21

1. വിദേശകാര്യ മന്ത്രി (ഇഎഎം) ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം, റിപ്പബ്ലിക് ഓഫ് ഓസ്ട്രിയയിലെ യൂറോപ്യൻ, അന്താരാഷ്ട്ര കാര്യങ്ങളുടെ ഫെഡറൽ മന്ത്രി അലക്സാണ്ടർ ഷാലെൻബെർഗ്, ഒരു ഉന്നതതല ബിസിനസ്സ് പ്രതിനിധി സംഘത്തോടൊപ്പം 2022 മാർച്ച് 19-21 തീയതികളിൽ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തി. എഫ് എം ഷാലെൻബെർഗിന്റെ ഭരണകാലയളവിലെ ആദ്യ സന്ദർശനമാണിത്.

2. ജനാധിപത്യം, സ്വാതന്ത്ര്യം, നിയമവാഴ്ച എന്നിവയുടെ പൊതുവായ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഊഷ്മളവും സൗഹാർദ്ദപരവുമായ ബന്ധമാണ് ഇന്ത്യയ്ക്കും ഓസ്ട്രിയയ്ക്കും ഉള്ളത്. നമ്മുടെ ഉഭയകക്ഷി ബന്ധങ്ങൾ സ്ഥാപനങ്ങൾ, അക്കാദമികൾ, സംസ്കാരം, വ്യക്തിഗതബന്ധങ്ങൾ എന്നിവയിലുടനീളം ഈ ബന്ധം ശക്തമായി 'അടയാളപ്പെടുത്തിയിരിക്കുന്നു.

3. രണ്ട് മന്ത്രിമാരും 2022 മാർച്ച് 20 ന് പ്രതിനിധി തല ചർച്ചകൾ നടത്തി. രാഷ്ട്രീയ, സാമ്പത്തിക, വാണിജ്യ, കോൺസുലാർ ബന്ധങ്ങൾ ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളും ഇവർ ചർച്ച ചെയ്തു. എഞ്ചിനീയറിംഗ്, റോഡ് നിർമ്മാണം, റെയിൽവേ, ജലവൈദ്യുത നിലയങ്ങൾ, ജലശുദ്ധീകരണം, ഓട്ടോ ഘടകങ്ങൾ തുടങ്ങിയ മേഖലകളിലായി 150-ലധികം ഓസ്ട്രിയൻ കമ്പനികൾ ഇന്ത്യയിലുള്ളത് .നിരവധി ഇന്ത്യൻ കമ്പനികളും ഓസ്ട്രിയയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്, പ്രത്യേകിച്ച് ഐടി, മെഡികെയർ, ഓട്ടോ-ഘടകഭാഗങ്ങൾ. വാണിജ്യ ഇടപെടലുകൾ എന്നിവയിൽ. ഇരുഭാഗത്തു നിന്നും ഇടപെടലുകൾ കൂടുതൽ ശക്തമാക്കാൻ ഇരുപക്ഷവും സമ്മതിച്ചു. ഇന്ത്യയിൽ പുനരുപയോഗ ഊർജം പോലുള്ള മേഖലകളിൽ നിക്ഷേപം നടത്താൻ ഓസ്ട്രിയൻ ബിസിനസ് പ്രതിനിധികൾ അതീവ താൽപര്യം പ്രകടിപ്പിച്ചു

4. ഇരുപക്ഷവും സാംസ്കാരിക ബന്ധങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ആസാദി കാ അമൃത് മഹോത്സവത്തിന്റെയും 2024 ൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75 വാര്ഷികത്തിന്റെയും ആഘോഷങ്ങൾ പ്രതീക്ഷിക്കുകയും ചെയ്തു.

5. വാക്സിൻ മൈത്രി സംരംഭവും വാക്സിനേഷൻ സർട്ടിഫിക്കറ്റുകളുടെ പരസ്പര അംഗീകാരവും ഉൾപ്പെടെ, കോവിഡ്19 പാൻഡെമിക്കിനെ കുറിച്ചുള്ള

കാഴ്ചപ്പാടുകളും ഇരുപക്ഷവും കൈമാറി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിലെ സംഭവവികാസങ്ങൾ, ഇന്തോ-പസഫിക്, അഫ്ഗാനിസ്ഥാൻ, ഉക്രെയ്ൻ എന്നിവയുൾപ്പെടെയുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ച ചെയ്തു.

**ന്യൂ ഡെൽഹി**
**2022 മാർച്ച് 21**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.